# 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 494** **13-01-2021 - ൽ മറുപടിയ്ക്ക്**

## മൂല്യവർധിത നികുതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുല്ലക്കര രത്നാകരൻ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ജി.എസ്.ടി നടപ്പിലാക്കപ്പെട്ട ശേഷം ഈ ഇനത്തിൽ സംസ്ഥാനത്തിന് എത്ര തുക വിഹിതം ലഭിച്ചിട്ടുണ്ട്; | (എ) | ജി.എസ്.ടി നടപ്പിലാക്കിയശേഷം സംസ്ഥാന ചരക്ക് സേവന നികുതി ഇനത്തിൽ ലഭിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. വർഷം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് (തുക കോടിയിൽ) 2017-2018 12007.69 2018-2019 21014.71 2019-2020 20446.95 |
| (ബി) | 2020 സാമ്പത്തികവർഷം ഡിസംബർ വരെ എത്ര തുക ജി.എസ്.ടി. ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 2020-21 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ഡിസംബർ 2020 വരെ സംസ്ഥാനത്തിന് ജി.എസ്.ടി ഇനത്തിൽ 12,015.64 കോടി രൂപ ലഭിച്ചു. ഇതിൽ എസ്.ജി.എസ്.ടി ഇനത്തിൽ 5,660.19 കോടി രൂപയും ഐ.ജി.എസ്.ടി സെറ്റിൽമെന്റായി 6,355.45 കോടി രൂപയുമാണ് ലഭിച്ചത്. |
| (സി) | ജി.എസ്.ടി വിഹിതമായി കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കാനുള്ള തുകയിൽ ഇനി എത്ര കൂടി ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | 2020-21 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ഡിസംബർ 2020 വരെ സംസ്ഥാനത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക 12,100 കോടി രൂപയാണ്. ഇതിൽ ഡിസംബർ 2020 വരെ 3,413.18 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 1,829.30 കോടി രൂപ ജി.എസ്.ടി സെസ്സ് കളക്ഷൻ ഇനത്തിലും 1,583.88 കോടി രൂപ കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് നൽകുന്ന ലോൺ ഇനത്തിൽ നിന്നുമാണ് ലഭിച്ചത്. |

സെക്ഷൻ ഓഫീസർ